# 118/2014

1. ലീലാതിലകത്തിന്റെ സമ്പൂർണ്ണവിവർത്തനം ആദ്യമായി നിർവ്വഹിച്ചതാര് ?
   (A) ഇളംകുളം കുഞ്ഞൻപിള്ള
   (B) ആറ്റൂർ കൃഷ്ണപിഷാരടി
   (C) അപ്പൻ തമ്പുരാൻ
   (D) ശൂരനാട്ടു കുഞ്ഞൻപിള്ള

2. ഗുരുശിഷ്യ സംവാദ രീതിയിൽ രചിച്ച ഗദ്യകൃതിയേത് ?
   (A) സംക്ഷേപ വേദാർത്ഥം
   (B) വേദതർക്കം
   (C) ജ്ഞാനമുത്തുമാല
   (D) വർത്തമാനപുസ്തകം

3. 'സുലളിത പദവിന്യാസാ
   രുചിരാലങ്കാര ശാലിനീമധുരാ
   മൃദുലാപി ഗഹന ഭാവാ
   സൂക്തിരിവാവാപ സോർവ്വശീവിജയം' - എന്ന ശ്ലോകത്തിലൂടെ തന്റെ കാവ്യ വീക്ഷണം അവതരിപ്പിക്കുന്ന കവിയാര് ?
   (A) കാർത്തിക തിരുനാൾ
   (B) ഇരയിമ്മൻ തമ്പി
   (C) കിളിമാനൂർ തമ്പുരാൻ
   (D) കോട്ടയത്തു തമ്പുരാൻ

4. 'രാമചരിതകാരൻ തിരുവിതാംകൂറിലെ ഒരു ഭരണാധികാരി ആയിരുന്നു' - എന്ന അഭിപ്രായത്തിന് പ്രചാരം നല്കിയതാര് ?
   (A) കോവുണ്ണിനെടുങ്ങാടി
   (B) ആർ. നാരായണപ്പണിക്കർ
   (C) ഉള്ളൂർ
   (D) കെ.ജി.ശേഷയ്യർ

5. ഹോയ്സാല രാജ്യത്തിന്റെ തലസ്ഥാനമായ ദോരസമുദ്രത്തിന്റെ വർണ്ണനയുള്ള കാവ്യമേത് ?
   (A) ഉണ്ണിയാടീ ചരിതം
   (B) ഉണ്ണിച്ചിരുതേവീ ചരിതം
   (C) ഉണ്ണിയച്ചീ ചരിതം
   (D) ഉണ്ണുനീലി സന്ദേശം

6. 'ഭാഷാസംക്രമവാദം' - എന്ന സിദ്ധാന്തത്തിന്റെ അവതാരകനാര് ?
   (A) ഡോ.കെ.ഗോദവർമ്മ
   (B) സി.എൽ.ആന്റണി
   (C) എ.സി.ശേഖർ
   (D) കാൽഡ്വൽ

7. എഴുത്തച്ഛൻ സൃഷ്ടിച്ച കാവ്യഭാഷയ്ക്ക് അടിസ്ഥാനമായ കാവ്യ പ്രസ്ഥാനമേത് ?
   (A) കണ്ണശ്ശ പ്രസ്ഥാനം
   (B) ശുദ്ധമലയാള ശാഖ
   (C) പാട്ട്
   (D) മണിപ്രവാളം

8. 'അമ്പത്തൊന്നക്ഷരാളീകലിത തനുലതേ വേദമാകുന്ന ശാഖി-

കൊമ്പത്തമ്പോടു പൂക്കും കുസുമതതിയിലേന്തുന്ന പുന്തേൻ കുഴമ്പേ' - എന്നു തുടങ്ങുന്ന മംഗളാചരണ ശ്ലോകം ഉൾക്കൊള്ളുന്ന കൃതിയേത് ?

(A) രാമായണം ചമ്പു
(B) നൈഷധം ചമ്പു
(C) ഭാരതം ചമ്പു
(D) ചെല്ലൂർ നാഥോദയം

9. നമ്പ്യാന്തമിഴിന്റെ പ്രത്യേകതകൾ ഏറെ പ്രതിഫലിക്കുന്ന കൃതി ?

(A) മന്ത്രാങ്കം
(B) ദൂതവാക്യം
(C) ഭാഷാകൗടലീയം
(D) അംബരീഷോപാഖ്യാനം

10. 'ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ

വടിവിയന്നൊരു ചാരുകേരള ഭാഷതന്നെ ചിതം വരൂ' - ഏതു കൃതിയിലെ വരികളാണിത് ?

(A) ഘോഷ യാത്ര
(B) സഭാ പ്രവേശം
(C) കല്ല്യാണ സൗഗന്ധികം
(D) പഞ്ചേന്ദ്രോപാഖ്യാനം

11. പൂരപ്രബന്ധത്തിന്റെ കർത്താവ് ?

(A) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ
(B) വെൺമണി മഹൻ നമ്പൂതിരി
(C) ശീവൊള്ളി നമ്പൂതിരി
(D) വെൺമണി അച്ഛൻ നമ്പൂതിരി

12. 'പ്രരോദനം' - എന്ന കാവ്യത്തിനു വിഷയം ആരുടെ ദേഹവിയോഗമാണ് ?

(A) ഏ.ആർ.രാജരാജവർമ്മ
(B) കെ.സി.കേശവപിള്ള
(C) കേരളവർമ്മ വലിയകോയിത്തമ്പുരാൻ
(D) മാർത്താണ്ഡവർമ്മ

13. 'ചക്കീചങ്കരം' - എന്ന നാടകത്തിന്റെ രചനാലക്ഷ്യം ?

(A) സംഗീത നാടകത്തെ പരിചയപ്പെടുത്തുക
(B) നാടക കൃത്തുക്കളെ പ്രോത്സാഹിപ്പിക്കുക
(C) ക്ഷുദ്ര നാടക കൃത്തുക്കളെ നിരുത്സാഹപ്പെടുത്തുക
(D) വിവർത്തന നാടകങ്ങൾ പരിചയപ്പെടുത്തുക

14. "ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം" - ആരുടെ വരികൾ ?

(A) നാലാപ്പാട്ട് നാരായണ മേനോൻ
(B) ഉള്ളൂർ എസ്. പരമേശ്വരയ്യർ
(C) വള്ളത്തോൾ നാരായണ മേനോൻ
(D) അക്കിത്തം അച്യുതൻ നമ്പൂതിരി

15. 'വാസനാവികൃതി' - എന്ന ചെറുകഥ പ്രസിദ്ധീകൃതമായത് ?

(A) പശ്ചിമ താരകയിലൂടെ
(B) വിദ്യാ വിനോദിനിയിലൂടെ
(C) കേരള പത്രികയിലൂടെ
(D) ഭാഷാ പോഷിണിയിലൂടെ

16. 'ഒറ്റയാന്റെ പാപ്പാൻ' - എന്ന കഥാസമാഹാരം ആരുടെ ?

(A) യു.കെ. കുമാരൻ
(B) പൊൻകുന്നം വർക്കി
(C) എൻ. പ്രഭാകരൻ
(D) മൂർക്കോത്തു കുമാരൻ

17. ബോധധാരാസമ്പ്രദായത്തിൽ രചിക്കപ്പെട്ടിട്ടുള്ള കൃതി ?

(A) മഞ്ഞ്
(B) മാവേലിമന്റം
(C) പാണ്ഡവപുരം
(D) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ

18. 'മുന്തിരിവള്ളികൾ' - എന്ന നാടകം ഏതു ശാഖയിൽ പെടുന്നു ?

(A) ചവിട്ടു നാടകം
(B) സംഗീത നാടകം
(C) വിവർത്തന നാടകം
(D) കാവ്യ നാടകം

19. ഭർത്താവിന്റെ അന്ത്യാഭിലാഷമനുസരിച്ച് ജീവചരിത്രമെഴുതിയ ജീവചരിത്രകാരി ?

(A) ബാലാമണിയമ്മ
(B) മാധവിക്കുട്ടി
(C) ബി. കല്യാണിയമ്മ
(D) ലളിതാംബിക അന്തർജ്ജനം

20. ആദ്യകാല വൈജ്ഞാനിക കൃതികൾ മിക്കവാറും എഴുതപ്പെട്ടിരിക്കുന്നത് ?

(A) മണിപ്രവാളത്തിൽ
(B) പാട്ടു ഭാഷയിൽ
(C) നമ്പ്യാന്തമിഴിൽ
(D) ഭാഷാമിശ്രത്തിൽ

21. സാഹിത്യപ്രവർത്തക സഹകരണസംഘം ഏതു വർഷമാണ് സ്ഥാപിക്കപ്പെട്ടത് ?
(A) 1962 (B) 1967 (C) 1945 (D) 1944

22. തിളങ്ങുന്ന 'പാണ്ടിൽവിളക്കി' -ന്റെ പ്രഭാപൂരത്തിൽ മിഴാവിന്റെ മുഴക്കത്തിനൊപ്പിച്ച് നൃത്തം ചെയ്യുന്ന സംഘകാലനാടൻനൃത്തമേതാണ് ?
(A) കടക്കൂത്ത് (B) തുണങ്കൈക്കൂത്ത്
(C) അല്ലിക്കൂത്ത് (D) കുരവൈക്കൂത്ത്

23. വിജയരാഗദേവന്റെ തിരുക്കടിത്താനം ലിഖിതത്തിൽ കാണുന്ന 'നായർ' - എന്ന പദം ഏതു നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉള്ള ലിഖിതമാണ് ?
(A) 7 -ാം നൂറ്റാണ്ട് (B) 9 -ാം നൂറ്റാണ്ട് (C) 8 -ാം നൂറ്റാണ്ട് (D) 6 -ാം നൂറ്റാണ്ട്

24. ചേരരാജാക്കന്മാരുടെ ദായക്രമം മനസിലാക്കാനുള്ള മാർഗമെന്താണ് ?
(A) തൊൽകാപ്പിയം (B) പതിറ്റുപ്പത്ത് (C) പുറനാനൂറ് (D) അകനാനൂറ്

25. ജാതിസമ്പ്രദായത്തിന്റെ ആവിർഭാവം ചേരചോളയുദ്ധത്തോടെയായിരുന്നു. യുദ്ധം നടന്നത് എന്നാണ് ?
(A) എ.ഡി. 12 (B) എ.ഡി. 13 (C) എ.ഡി. 11 (D) എ.ഡി. 10

26. ജാതിസമ്പ്രദായം ദൃഢീകരിക്കുന്നതിനും അതിനു സാർവത്രികമായ പ്രചാരം നൽകുന്നതിനും അനുകൂലമായ പ്രധാന സാഹചര്യം എന്തായിരുന്നു ?
(A) തീരുമാനം മാമാങ്ക സഭയിലായിരുന്നതിനാൽ
(B) നമ്പൂതിരിമാർക്ക് സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ ലഭിച്ച സ്വാധീന ശക്തിയാൽ
(C) ബ്രാഹ്മണർക്ക് കേരളീയ ജീവിതത്തിൽ ആധിപത്യം ലഭിച്ചതിനാൽ
(D) തൊഴിൽ - സാമ്പത്തിക സ്ഥിതി എന്നിവയുടെ പശ്ചാത്തലത്തിൽ

27. സാമൂഹിക പരിഷ്കരണ പ്രസ്ഥാനത്തിന്റെ ശക്തമായ പ്രവാഹം ആരുടെ നേതൃത്വത്തിലായിരുന്നു ?
(A) ശ്രീനാരായണഗുരുസ്വാമി (B) C. കൃഷ്ണൻ
(C) മൂർക്കോത്തു കുമാരൻ (D) സഹോദരൻ അയ്യപ്പൻ

28. 'നാടൻ പാട്ടുകൾ അതാതുനാടിന്റെ അന്തരാത്മനാദങ്ങളാണ്' എന്നു പറഞ്ഞ യൊനാൻ ഗോട്ട്ഫ്രിയഡ് ഹെർഡറിന്റെ ജീവിതകാലഘട്ടം ഏതാണ് ?
(A) 1744 - 803 (B) 1766 - 801 (C) 1700 - 1769 (D) 1730 - 791

29. കേരളത്തിൽ നിന്ന് പശ്ചിമേഷ്യയിലേക്ക് ആദ്യമായി കറുവപ്പട്ട കൊണ്ടുവന്നത് ആരായിരുന്നു?

(A) അറബികൾ (B) ചൈനക്കാർ

(C) പോർച്ചുഗീസുകാർ (D) ഫ്രഞ്ചുകാർ

30. കലാനിരൂപകനായ ഡോ. ആനന്ദ കുമാര സ്വാമി ഏറ്റുമാനൂർ ശിവക്ഷേത്രത്തിലെ ചുവർ ചിത്രം കണ്ടുകൊണ്ടു പറഞ്ഞതെന്താണ് ?

(A) ദ്രാവിഡ ചിത്രകലയ്ക്കുള്ള പ്രാചീനമായ ഒരേയൊരുദാഹരണം

(B) കേരള ശില്പകലാരീതിയുടെ മകുടോദാഹരണം

(C) അജന്തയിലെയും ബാഗിലെയും കലയെ കേരളീയ കലയോടു ബന്ധിപ്പിക്കുന്ന അപൂർവ കല

(D) മനോജ്ഞമായ കേരളീയ ദാരുശില്പങ്ങളുടെ ഉത്തമ മാതൃക

31. സി.എൽ.ആന്റണിയുടെ ഭാഷാവാദത്തിന്റെ പേര് ?

(A) മിശ്രഭാഷാ വാദം (B) ഭാഷാസംക്രമണ വാദം

(C) ഉപശാഖാ വാദം (D) മധ്യകാല തമിഴ് വാദം

32. സംസ്കൃതവും ദക്ഷിണേന്ത്യൻ ഭാഷകളും ഏകഗോത്രങ്ങളല്ലെന്ന് ആദ്യമായി പ്രഖ്യാപിച്ചത് ആര് ?

(A) കാൽഡ്വൽ (B) F.W എല്ലീസ് (C) കാംഫൽ (D) ഷൂൾ ബ്ലോക്ക്

33. മാതൃക സ്വരങ്ങൾക്ക് ചട്ടക്കൂട് നിർദ്ദേശിച്ചത് ആര് ?

(A) ഡാനിയൽ ജോൺസ് (B) സൊസ്യൂർ

(C) ചോംസ്കി (D) ബ്ലൂംഫിൽഡ്

34. 'ശബ്ദശോധിനി' - എന്ന കൃതിയുടെ കർത്താവ് ?

(A) കേരളവർമ്മ വലിയകോയിത്തമ്പുരാൻ

(B) ആറ്റൂർ കൃഷ്ണ പിഷാരടി

(C) എ.ആർ.രാജരാജവർമ്മ

(D) ജോർജ് മാത്തൻ

35. കാരകങ്ങൾ എത്ര ?

(A) രണ്ട് (B) ഏഴ് (C) അഞ്ച് (D) ആറ്

36. അന്യപദാർത്ഥ പ്രധാനമായ സമാസം എത് ?

(A) ബഹുവ്രീഹി (B) കർമ്മധാരയൻ (C) തത്പുരുഷൻ (D) അവ്യയീഭവൻ

37. നാമാദിയാം വിഭാഗത്തിനെല്ലാം __________ നിയാമകം
(A) രൂപം (B) സ്വനം (C) ലിംഗം (D) അർത്ഥം

38. ഭാഷയിലെ അർത്ഥപൂർണ്ണമായ ഏറ്റവും ചെറിയ യൂണിറ്റ് :
(A) സ്വനം (B) രൂപം (C) രൂപിമം (D) സ്വനിമം

39. പദ്ധതി - സന്ധി പിരിച്ചെഴുതുക.
(A) പത് + ധതി (B) പദ് + തധി (C) പദ് + ഹതി (D) പധ് + ഹതി

40. അനുജ്ഞായക പ്രകാരത്തിലുള്ള രൂപം ഏത് ?
(A) കേൾക്കാം (B) കേട്ടാലും (C) കേൾക്കിൻ (D) കേൾക്കണം

41. ജോസഫ് മുണ്ടശ്ശേരിയുടെ രൂപഭദ്രത എന്ന പുസ്തകത്തിന്റെ ആദ്യ പതിപ്പ് പുറത്തിറങ്ങിയ വർഷം :
(A) 1945 (B) 1951 (C) 1956 (D) 1960

42. എഴുത്തച്ഛനെഴുതുമ്പോൾ എന്ന സച്ചിദാനന്ദന്റെ കവിതയെ വി.സി.ശ്രീജൻ വ്യാഖ്യാനിച്ചത് ഏത് ലേഖനത്തിൽ ?
(A) അദൃശ്യ രേഖകൾ
(B) അപനിർമാണം : തത്ത്വവും പ്രയോഗവും
(C) അധികം, ന്യൂനം
(D) കവിതയിലെ അങ്ങാടികൾ

43. കലയും കാലവുമെന്ന ഡോ.കെ. ഭാസ്കരൻ നായരുടെ ലേഖനത്തോട് പ്രതികരിച്ച് കുട്ടിക്കൃഷ്ണമാരാർ രചിച്ച കൃതി :
(A) കല ജീവിതം തന്നെ (B) ദന്തഗോപുരം
(C) കൈവിളക്ക് (D) സാഹിത്യവിദ്യ

44. എം.ടി.-യുടെ ഗദ്യശൈലിയുടെ പ്രത്യേകതകളിലൊന്ന് അതിനകത്തെ വിശദാംശങ്ങളുടെ മൂർത്തസ്വഭാവമാണ്. അല്ലെങ്കിൽ ദൃശ്യചിത്രങ്ങളുടെ സൂക്ഷ്മസംവിധാനമാണ് - ഈ അപഗ്രഥനമാരുടേത് ?
(A) കെ.പി.അപ്പൻ (B) ബി.രാജീവൻ
(C) നരേന്ദ്ര പ്രസാദ് (D) വി.രാജകൃഷ്ണൻ

45. വ്യക്തി പ്രഭാവ സിദ്ധാന്തം സാഹിത്യത്തിൽ എന്ന ലേഖനത്തിന്റെ കർത്താവ് ?
(A) അപ്പൻ തമ്പുരാൻ (B) ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ
(C) കുട്ടികൃഷ്ണമാരാർ (D) സുകുമാർ അഴീക്കോട്

46. തോപ്പിൽ ഭാസിയുടെ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കിയിലെ ഏറ്റവും നിർജ്ജീവമായ കഥാപാത്രങ്ങൾ കമ്മ്യൂണിസ്റ്റ് നേതാക്കളും പ്രവർത്തകരുമാണെന്ന വിലയിരുത്തൽ ആരുടേത് ?

(A) ഇ.എം.എസ് നമ്പൂതിരിപ്പാട് (B) മുണ്ടശ്ശേരി

(C) കെ. ദാമോദരൻ (D) സി. അന്തപ്പായി

47. പാരമ്പര്യവുമായി സംഘർഷത്തിലേർപ്പെട്ടു നിൽക്കുന്ന ഒരാധുനികന്റെ അന്വേഷണങ്ങളെയാണ് ബന്ധനസ്ഥനായ അനിരുദ്ധന് ശേഷമുള്ള വള്ളത്തോൾ കൃതികൾ പ്രതിനിധാനം ചെയ്യുന്നതെന്ന് നിരീക്ഷിച്ചതാര് ?

(A) പി.പി. രവീന്ദ്രൻ (B) തായാട്ട് ശങ്കരൻ

(C) കെ.പി. ശങ്കരൻ (D) പി. പവിത്രൻ

48. വാസ്തവത്തിൽ സാഹിത്യവിമർശനം നടത്തുകയല്ല നവോത്ഥാനത്തിന്റെ പ്രമാണരേഖകൾ സൃഷ്ടിക്കുകയാണ് കേസരി ചെയ്തതെന്ന് അഭിപ്രായപ്പെട്ടതാര് ?

(A) എസ്. ഗുപ്തൻ നായർ (B) നരേന്ദ്ര പ്രസാദ്

(C) കെ.പി. അപ്പൻ (D) പി. ഗോവിന്ദപ്പിള്ള

49. അർത്ഥപുഷ്ടി, ശബ്ദഭംഗി, സന്ദർഭശുദ്ധി, കല്പനാ വൈചിത്ര്യം, രസാദൗചിത്യം, ബന്ധചാതുര്യം മുതലായ വിഷയങ്ങളിൽ ഈ മഹാകാവ്യത്തിന് സമമായി ഭാഷയിൽ ഒരു മൂലഗ്രന്ഥവും കാണുന്നില്ല - ഏതു കൃതിയെക്കുറിച്ചാണ് ഏ.ആർ. രാജരാജവർമ്മ ഇപ്രകാരം പറഞ്ഞത് ?

(A) ചിത്രയോഗം (B) ഉമാകേരളം

(C) രാമചന്ദ്രവിലാസം (D) രുഗ്മാംഗദചരിതം

50. ചങ്ങമ്പുഴയുടെ വിഭക്ത വ്യക്തിത്വം അദ്ദേഹത്തിൽ മാറി മാറി വന്നും പോയുമിരുന്ന പ്രൊമെത്യൂസിന്റെയും എപ്പിമെത്യൂസിന്റെയും ചലനങ്ങളുടെ ഫലമായിരുന്നുവെന്ന വീക്ഷണമാരുടേത് ?

(A) എം.പി. ശങ്കുണ്ണി നായർ (B) എം.എൻ. വിജയൻ

(C) എം. ലീലാവതി (D) കേസരി ബാലകൃഷ്ണപിള്ള

51. പ്രാചീന കവിപരമ്പരയിൽ പ്രഥമകവി അഥവാ ആദ്യത്തെ ജനകീയ കവി ആരാണ് ?

(A) മിത്രൻ (B) ഉശനസ്സ് (C) ബൃഹസ്പതി (D) ഇവയൊന്നുമല്ല

52. 'നാനൃഷി : കവി' എന്നാരംഭിക്കുന്ന ശ്ലോകം ആരുടേതാണ് ?

(A) ഭട്ടതൗതൻ (B) ക്ഷേമേന്ദ്രൻ (C) ശങ്കുകൻ (D) ഇവയൊന്നുമല്ല

53. ധ്വനിയെ കാവ്യത്തിന്റെ ________ ആയി അവരോധിച്ചിരിക്കുന്നു.

(A) ശരീരം (B) അലങ്കാരം (C) ആത്മാവ് (D) ഇവയൊന്നുമല്ല

54. ശാന്തമാണ് പ്രകൃതിരസമെന്ന് ആരാണ് സിദ്ധാന്തിക്കുന്നത് ?

(A) ഭരതമുനി (B) അഭിനവഗുപ്തൻ (C) ഭോജരാജൻ (D) ഇവയൊന്നുമല്ല

55. അലങ്കാര ശാസ്ത്രത്തിന് മികച്ച സംഭാവന നൽകിയിട്ടുള്ള ആചാര്യന്മാർ :

(A) ദണ്ഡിയും, ഭാമഹനും (B) മമ്മടഭട്ടനും, വാമനനും

(C) ഭോജരാജനും, ഹേമചന്ദ്രനും (D) ഇവയൊന്നുമല്ല

56. റിപ്പബ്ലിക്ക് (Republic) എന്ന ഗ്രന്ഥം രചിച്ചതാര് ?

(A) സോക്രട്ടീസ് (B) പ്ലേറ്റോ (C) അരിസ്റ്റോട്ടിൽ (D) ഇവയൊന്നുമല്ല

57. ഔചിത്യത്തെ സാഹിത്യകൃതിയുടെ നിയമകവും, നിർണ്ണായകവുമായ തത്ത്വമെന്ന നിലയിൽ ഉയർത്തിയത് ആര് ?

(A) അരിസ്റ്റോട്ടിൽ (B) ലോങ് ഗിനസ് (C) ഹൊറേസ് (D) ഇവയൊന്നുമല്ല

58. ബയോഗ്രാഫിയ ലിറ്ററേറിയ എന്ന ഗ്രന്ഥം രചിച്ചതാര് ?

(A) മാത്യു ആർനോൾഡ് (B) ജോൺറസ്കിൻ

(C) കോളറിഡ്ജ് (D) ഇവയൊന്നുമല്ല

59. 'കാവ്യം അവൈയക്തികമായതിനാൽ വിമർശകർ പഠിക്കേണ്ടത് കാവ്യത്തെയാണ്, കവിയെ അല്ല' - എന്ന് പറഞ്ഞതാര് ?

(A) ടി.എസ്. എലിയട്ട് (B) ഐ.എ. റിച്ചാർഡ്സ്

(C) ബനഡറ്റോ ക്രോച്ചേ (D) ഇവയൊന്നുമല്ല

60. 'പാഠത്തിനപ്പുറമൊന്നുമില്ല' (There is nothing outside text) - എന്ന് പറഞ്ഞതാരാണ് ?

(A) സൊസ്സ്യൂർ (B) ഴാക് ദെറീദ (C) ബ്രെഹ്ത് (D) ഇവയൊന്നുമല്ല

61. മലയാള നോവലിനെ ആസ്പദമാക്കി തിരക്കഥ രചിച്ച ആദ്യമലയാള സിനിമ :

(A) വിഗതകുമാരൻ (B) നീലക്കുയിൽ

(C) മാർത്താണ്ഡവർമ്മ (D) ജീവിതനൗക

62. ലോകത്ത് ആദ്യ സിനിമാപ്രദർശനം നടത്തിയ ലൂമിയർ സഹോദരന്മാരുടെ സഹായി ആണ് ഇന്ത്യയിൽ ആദ്യ സിനിമാപ്രദർശനം നടത്തിയത്. വർഷം ഏത് ?

(A) 1896 (B) 1928 (C) 1931 (D) 1938